**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1689** **02-02-2024 - ൽ മറുപടിയ്ക്ക്**

**കുത്താളി കൃഷി ഫാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലാപഞ്ചായത്തിനു കീഴിലുള്ള പേരാമ്പ്ര, കുത്താളി കൃഷി ഫാമിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ പ്രവൃത്തികളാണ് പുതിയതായി ആരംഭിച്ചതെന്ന് വിശദമാക്കാമോ; | (എ) | I) കോഴിക്കോട് ജില്ലാപഞ്ചായത്തിനു കീഴിലുള്ള കുത്താളി കൃഷി ഫാമിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. വിവിധ വിള കൃഷി ചെയ്യുന്നതിനായി തരിശായി കിടന്ന സ്ഥലം തട്ട് തിരിച്ച് കൃഷി യോഗ്യമാക്കി.<br>2. പ്രോജനി ഓർച്ചാർഡുകൾ തുടങ്ങി<br>3. റെയിൻ ഷെൽട്ടർ നിർമ്മിച്ചു.<br>4. മിനി മിസ്റ്റ് ചേമ്പർ, റെയിൻ ഷെൽട്ടർ റിപ്പയർ നിർമ്മിച്ചു.<br>5. ചെയിൻ ലിങ്ക്ഡ് ഫെൻസിങ് സ്ഥാപിച്ചു.<br>6. ഡയറി ഫാമിൽ 13 പശുക്കളെ പുതിയതായി വാങ്ങിച്ചു.<br><br>RIDF-NABARD പദ്ധതി പ്രകാരം 7.451 കോടി രൂപയുടെ പ്രവർത്തികൾ നടന്നു വരുന്നു.<br><br>1. ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ<br>2. ഭൂവികസന പ്രവർത്തികൾ<br>3. മഴമറ, മിസ്റ്റ് ചേമ്പർ, ബഡ്ഡിങ്ങ് ആന്റ് ഗ്രാഫ്റ്റിങ്ങ് ഷെഡ് എന്നിവയുടെ നിർമ്മാണം.<br>4. ചെയിൻ ലിങ്ങ് ഫെൻസിങ്, സംരക്ഷണ ഭിത്തി, സോളാർ ഫെൻസിങ്ങ് എന്നിവയുടെ നിർമ്മാണം.<br>5. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഫാം റോഡ്, ഓഫീസ് കെട്ടിടം, ശുചിമുറി, വെയിറ്റിംഗ് ഷെഡ് എന്നിവയുടെ നിർമ്മാണം.<br>6. ഇന്റഗ്രേറ്റഡ് ഫാമിങ്ങ് സിസ്റ്റത്തിന്റെ ഭാഗമായി പോത്ത് പരിപാലനം, കോഴി |

| | | | |
|---|---|---|---|
| | | | വളർത്തൽ, താറാവ് വളർത്തൽ, മത്സ്യ കൃഷി, ആട് വളർത്തൽ നടപ്പിലാക്കി വരുന്നു.<br><br>II) കോഴിക്കോട് ജില്ലാപഞ്ചായത്തിനു കീഴിലുള്ള പേരാമ്പ്ര കൃഷി ഫാമിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ജില്ലാ പഞ്ചായത്ത് പേരാമ്പ്ര ഫാമിൽ 65.33 ലക്ഷം രൂപയുടെ താഴെപറയുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>1. ബി ബ്ലോക്കിൽ കുളം, തൊഴിലാളികൾക്കുള്ള ശുചിമുറി, വാച്ച്മെൻ ഷെഡ്, ഗേറ്റ് എന്നിവയുടെ നിർമ്മാണം.<br>2. ഓഫീസിന്റെ പുനരുദ്ധാരണവും, ഡ്രെയിനേജ് നവീകരണവും, കൂടാതെ കൃഷി വകുപ്പിന്റെയും ജില്ലാ പഞ്ചായത്തിന്റെയും മറ്റ് വാർഷിക പദ്ധതികളും ഇവിടെ നടപ്പിലാക്കി വരുന്നു. |
| (ബി) | കൂത്താളി കൃഷി ഫാമിന്റെ കൈവശം എത്ര ഏക്കർ ഭൂമി ഉണ്ടെന്നും ഇതിൽ എത്ര ഏക്കർ ഭൂമി കൃഷിക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും വിശദാംശം ലഭ്യമാക്കുമോ; | (ബി) | കൂത്താളി കൃഷി ഫാമിന്റെ കൈവശം 100 ഏക്കർ ഭൂമിയാണുള്ളത്. അതിൽ 84 ഏക്കർ സ്ഥലത്ത് നിലവിൽ കൃഷി ചെയ്തുവരുന്നു. ബാക്കി സ്ഥലം ഫാമിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഉപയോഗിച്ചുവരുന്നു. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ത്രി തലത്തിൽ നടത്തിയ ചർച്ചയെ തുടർന്ന് എന്തൊക്കെ കാര്യങ്ങൾ കൂത്താളി കൃഷി ഫാമിൽ ഇതുവരെ നടപ്പിലാക്കിയെന്ന വിശദാംശം ലഭ്യമാക്കാമോ? | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ത്രി തലത്തിൽ നടത്തിയ ചർച്ചയെ തുടർന്ന് കൂത്താളി കൃഷി ഫാമിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. 27.07.2020ൽ നടത്തിയ മന്ത്രിതല യോഗതീരുമാനപ്രകാരം 2020 ആഗസ്റ്റ് മാസം മുതൽ കാഷ്വൽ തൊഴിലാളികൾക്ക് തൊഴിൽ നൽകി വരുന്നു.<br>2. കുറ്റാരോപിതനായിരുന്ന ക്ലാർക്കിന് സ്ഥലം മാറ്റം നൽകിയതോടൊപ്പം ചീഞ്ചേരി എക്സ്റ്റൻഷൻ സ്കീമിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. സായിറാം ഹരിദാസ് (കൃഷി അസിസ്റ്റന്റ് ഡയറക്ടർ)നെ ഫാം സൂപ്രണ്ടായി നിയമിച്ചു.<br>3. കൂത്താളി ഫാമിലെ ട്രെയിനിംഗ് സെന്ററിൽ നിലവിൽ കേരള സ്റ്റേറ്റ് അഗ്രോ മെക്കനൈസേഷൻ മിഷന്റെ കീഴിൽ ഹരിത സേനകൾക്ക് പരിശീലനങ്ങൾ നൽകി വരുന്നു.<br>4. കൃഷിഭൂമി കൃഷി യോഗ്യമാക്കുന്നതിന് കാട് വെട്ടിതെളിച്ച്, ഭൂമിയുടെ തട്ട് തിരിക്കൽ പദ്ധതി പൂർത്തിയായി. |

| | | | |
|---|---|---|---|
| | | | 5. തൊഴിലാളികൾക്കുള്ള 4 വിശ്രമമുറിയുടെയും ശുചിമുറിയുടെയും പ്രവർത്തി പൂർത്തീകരിക്കുകയും മറ്റുരണ്ടെണ്ണത്തിന്റെ പ്രവർത്തി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ